[Sri T. C. Narayanan Nambiar] [18th August 1955

"സർ, 1946 ലാണ് ഈ നിയമം ആദ്യമായി പാസ്സാക്കിയത്. അന്ന് ഈ നിയമം പാസ്സാക്കാനുണ്ടായ സാഹചര്യങ്ങളെന്തെല്ലാം, ഇന്ന് അതിന് എന്തെങ്കിലും മാററം വന്നിട്ടുണ്ടോ എന്നൊക്കെ ഒന്ന് പരിശോധിക്കേണ്ടതുണ്ട്. നാട്ടിൻപുറങ്ങളിലെ ആളുകൾ തൊഴിലില്ലാത്തതുകൊണ്ടും കാർഷികോല്പന്നങ്ങളുടെ ഭയങ്കരമായ വിലയിടിവുകൊണ്ടും മററും ജീവിക്കാൻ നിവൃത്തിയില്ലാതെ പട്ടണങ്ങളിലേക്ക് തീർത്ഥയാത്രപോയ്ക്കൊണ്ടിരിക്കുന്ന ഒരു കാലമാണിത്. 1946 ന് ശേഷം പട്ടണങ്ങളിലെ ജനസംഖ്യ വളരെ വർദ്ധിച്ചിട്ടുണ്ട്. നാട്ടിൻപുറങ്ങളിൽനിന്ന് ആയിരക്കണക്കിനാളുകൾ പട്ടണങ്ങളിലേക്ക് നീങ്ങിയിട്ടുണ്ട്. പട്ടണങ്ങളിലാണെങ്കിൽ ജനസംഖ്യ വർദ്ധിച്ചതിനനുസരണമായി വീടുകളുടെ എണ്ണം വർദ്ധിച്ചിട്ടില്ല. കൂടുതൽ ജനസംഖ്യയും കുറച്ചുമാത്രം വീടുകളും എന്നുള്ള പരിതഃസ്ഥിതിയെ ചൂഷണം ചെയ്തുകൊണ്ട് ചില സ്ഥാപിതതാല്പര്യക്കാർക്ക് അവരുടെ മടിശ്ശീല വീർപ്പിക്കാൻ ഗവർമ്മേൻറ് ഒരൊന്നാംതരം സന്ദർഭം ഉണ്ടാക്കിക്കൊടുക്കുകയാണ് ഇപ്പോൾ ചെയ്തിരിക്കുന്നത്. വളരെ ജനസംഖ്യയുള്ള എത്രയോ പട്ടണങ്ങളെ ഈ ബില്ലിലെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ലെന്നുള്ളത് അതിന് മതിയായ തെളിവാണ്.

"സർ, മറെറാരു സംഗതി ചൂണ്ടിക്കാണിക്കുവാനുണ്ട്. മന്ത്രിമാരുടെ ഈ പ്രസംഗങ്ങളെല്ലാം കേട്ടപ്പോൾ എനിക്ക് ഒരു കഥയാണ് ഓർമ്മയിൽ വരുന്നത്. ഒരു തറവാട്ടിൽ ഒരു കാരണവരും അനന്തിരവനും മററംഗങ്ങളുമുണ്ടായിരുന്നു. കാരണവൻ വെളിയിൽ പോയിരുന്ന ഘട്ടത്തിൽ പാവപ്പെട്ട ഒരു പിച്ചക്കാരൻ വന്നു. 'ഇപ്പോൾ തരാനൊന്നുമില്ല, നാളെ വാ' എന്ന് പറഞ്ഞു അനന്തിരവൻ പിച്ചക്കാരനെ അയച്ചു. പിച്ചക്കാരൻ പടിവാതില്ക്കലെത്തിയപ്പോൾ കാരണവർ വരുന്നു. ഇന്ന് പിച്ചയില്ല, പിറേറന്ന് വാ എന്ന് അനന്തിരവൻ പറഞ്ഞുവെന്ന് പിച്ചക്കാരൻ കാരണവരെ അറിയിച്ചു. കാരണവർക്ക് കോപമായി. പിച്ചക്കാരനെ മടക്കിവിളിച്ചു, 'പിച്ചയില്ലെന്ന് പറയാൻ അവനല്ല അധികാരം എനിക്കാണ്, ഇപ്പോൾ പിച്ചയില്ല, പോയ്ക്കോ' എന്ന് പറഞ്ഞയച്ചതായി ഒരു കഥയുണ്ട്."

DEPUTY SPEAKER :—" I want to know whether the hon. Member is about to finish his speech."

SRI T. C. NARAYANAN NAMBIAR :—" No, Sir. I want some more time."

DEPUTY SPEAKER :—" Then the hon. Member can continue his speech to-morrow. Now I adjourn the House to meet again at 8-30 a.m. tomorrow."

The House then adjourned.

VI.—PAPER PLACED ON THE TABLE OF THE HOUSE.

First Report of the Committee on Government Assurances.